## മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**(സംഗ്രഹം)**

മഹാത്മാഗാന്ധി സർവ്വകലാശാല - മൈഗ്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഫീസ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ1 വിഭാഗം**

നം.4249/എ1/2/2018/അക്കാദമിക് തീയതി, പ്രിയദർശിനി ഹിൽസ്, 26.05.2018

---

പരാമർശം : 1. സർവ്വകലാശാലാ ഉത്തരവ് നം. Ac.A1/2/2242/2001 തീയതി 20.07.2002.

2. 23.05.2018 തീയതിയിലെ വൈസ് ചാൻസിലർക്കുള്ള പ്രോ-വൈസ് ചാൻസിലറുടെ കുറിപ്പ് നം. PVC-14/2018.

**ഉത്തരവ്**

മൈഗ്രേഷൻ സർട്ടിഫിക്കറ്റ് ഓൺലൈനിൽ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 11.05.2018 തീയതിയിൽ പ്രോ-വൈസ് ചാൻസിലറുടെ ചേമ്പറിൽ കൂടിയ യോഗം, മൈഗ്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫീസ് 300/- രൂപയായി നിജപ്പെടുത്തുവാനും, സർട്ടിഫിക്കറ്റ് തയ്യാറായി കഴിഞ്ഞാൽ 5 തവണ വിദ്യാർത്ഥിക്ക് സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതും, അതിൽ കൂടുതൽ ആകുമ്പോൾ 500/- രൂപ വീതം ഫീസ് ഒടുക്കേണ്ടതുമാണെന്ന് ശുപാർശ ചെയ്തതായി പരാമർശം (2) പ്രകാരം, വൈസ് ചാൻസിലറെ അറിയിക്കുകയും, മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, വകുപ്പ് 10(17) പ്രകാരം നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് വൈസ് ചാൻസിലർ, ടി ശുപാർശ അംഗീകരിക്കുകയും ചെയ്തു.

തദനുസരണം, ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്<br>
സുകുമാരൻ റ്റി.ബി.<br>
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക് 1)<br>
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ് :

1. എല്ലാ അഫിലിയേറ്റഡ് കോളേജുകളുടെ പ്രിൻസിപ്പൽമാർക്കും
2. ബന്ധപ്പെട്ട സെക്ഷനുകൾ
3. വൈസ് ചാൻസിലർ/പ്രോ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ.മാർ
5. ജെ.ആർ/ഡി.ആർ/എ.ആർ (അക്കാദമിക്/ഫിനാൻസ്/പരീക്ഷ)
6. കൺടെന്റ് മാനേജ്മെന്റ് സെക്ഷൻ/ഐ.ക്യു.എ.സി./എസി.എ8/അന്വേഷണ വിഭാഗം
7. എസി.സി.1/പി.ആർ.ഒ./എസി.ബി6/ എസി.ബി7/എസി.എ7/ഫിനാൻസ് 4 സെക്ഷനുകൾ
8. കരുതൽ ഫയൽ/ഫയൽ കോപ്പി/റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം<br>
ഒപ്പ്<br>
സെക്ഷൻ ഓഫീസർ

ഫയൽ നം. എസി.എ1/2/5445/2018